# പാപം ഒരു സാംക്രമിക രോഗം പോലെ

സാക് പുന്നൻ

WFTW 03 ആഗസ്റ്റ് 2014

എബ്രായർ 12:15ൽ വേദപുസ്തകം കലക്കമുണ്ടാക്കാൻ കഴിവുള്ള കയ്പിന്റെ വേരിനെക്കുറിച്ചു പറയുന്നു. അതു ഫലമായി തീരുന്നതു വരെ നിങ്ങൾ കാത്തിരിക്കേണ്ട ആവശ്യമില്ല. ഒരു വേര് എന്താണെന്ന് നിങ്ങൾക്കറിയാം. ഒരു വൃക്ഷം വേരൂന്നാൻ തുടങ്ങുമ്പോൾ അതു മിക്കവാറും നിലത്തിനു മുകളിലേക്കു വരികപോലുമുണ്ടാകില്ല. ഒന്നും കാണാനില്ല. നിങ്ങൾ ഒരു വിത്തു നിലത്തു നടുമ്പോൾ അതു മുകളിലേക്കു വരുന്നതിനു മുമ്പ് ഏറ്റവും ആദ്യം അതു വേരൂന്നുന്നു.

കയ്പ് അതുപോലെയാണ്. നിങ്ങൾ ഏതോ ഒരു കാര്യം ഹൃദയത്തിൽ വിതച്ച്, അതു വേരൂന്നാൻ തുടങ്ങുന്നു. നിങ്ങൾ അതു വലിച്ചു പിഴുതു കളയുന്നില്ലെങ്കിൽ അതു വേരുറപ്പിക്കുകയും ധാരാളം പ്രയാസങ്ങൾ ഉണ്ടാക്കുകയും ചെയ്യും. മാത്രമല്ല ആദ്യം നിങ്ങൾക്കു തന്നെ ധാരാളം ഉപദ്രവങ്ങൾ ഉണ്ടാക്കുന്നു. കൂടാതെ വളരെയധികം ആളുകൾ മലിനപ്പെടുവാനുള്ള സാധ്യതയും ഉണ്ടാകുന്നു. ധാരാളം ആളുകൾക്ക് ആ പകർച്ചവ്യാധി പിടിപെടാൻ ഇടയുണ്ട്. കാരണം ഹൃദയത്തിൽ കയ്പുള്ള ആ വ്യക്തി ചുറ്റും നടന്ന് മറ്റുള്ള ആളുകളോട് അതു പറയുന്നു. അതു ചിക്കൻപോക്സ് ബാധിച്ച ഒരു വ്യക്തി ചുറ്റി നടന്ന് അതു മറ്റുള്ളവരിലേക്കു രോഗം പരത്തുന്നതുപോലെയോ, ജലദോഷമോ ഫ്ളൂവോ പിടിപെട്ട ഒരാൾ ചുറ്റി നടന്ന് അതു മറ്റുള്ളവർക്ക് കൊടുക്കുന്നതുപോലെയോ ആണ്. ഈ രോഗം പരത്തുന്നത് വളരെ എളുപ്പമാണ്. ഇതു വളരെ തീവ്രമായ നിലയിൽ സാംക്രമികരോഗമാണ്. നിങ്ങൾ ലോകത്തിൽ എല്ലായിടത്തും കയ്പ്പുള്ളവരായ ആളുകളെ കണ്ടെത്തുന്നു. ക്രിസ്തീയഗോളം അതിനാൽ നിറഞ്ഞിരിക്കുന്നു എന്നു നിങ്ങൾ കണ്ടെത്തും. മറ്റുള്ളവരുടെ തിന്മ പറഞ്ഞുകൊണ്ട്, കിംവദന്തി പരത്തുന്ന ഒരു മനുഷ്യൻ, നിങ്ങളുടെ അടുത്തു വേറൊരാൾക്കെതിരെ ഒ രു പരാതിയുമായി വരുമ്പോൾ അയാളുടെ ഹൃദയത്തിലെന്താണുള്ളത്? അയാൾക്ക് ആ വ്യക്തിയോടു കയ്പുണ്ടായിട്ടുണ്ട്.

പകർച്ചവ്യാധിയിൽ നിന്നു നിങ്ങളെ തന്നെ രക്ഷിക്കാൻ നിങ്ങളാഗ്രഹിക്കുന്നുവെങ്കിൽ, നിങ്ങൾ ആരെ കേൾക്കുന്നു എന്ന കാര്യത്തിൽ ശ്രദ്ധയുള്ളവനായിരിക്കുക. ആരിൽ നിന്നെങ്കിലും എയ്ഡ്സ് പിടിപെടാൻ നിങ്ങൾ ഇഷ്ടപ്പെടുന്നുണ്ടോ? അതിൽ നിങ്ങൾ ഏത്ര ശ്രദ്ധാലുവാണ്! കൊള്ളാം, ഇത് അതിനേക്കാൾ ഗൌരവമുള്ളതാണ്. എയ്ഡ്സിനെക്കാളധികം ഇതിനു നിങ്ങളെ നശിപ്പിക്കാൻ കഴിയും. കുഷ്ഠരോഗമുള്ള ഒരു മനുഷ്യനെ ആലിംഗനം ചെയ്യുവാൻ നിങ്ങൾ ഇഷ്ടപ്പെടുന്നുണ്ടോ? കൊള്ളാം, ഇത് അതിനേക്കാൾ ഗൌരവമുള്ളതാണ്.

എന്തുകൊണ്ട് നിങ്ങൾ കിംവദന്തി പരത്തുന്ന ഒരാളിനെ, ഒരു ഏഷണിക്കാരനെ നിങ്ങളുടെ ഭവനത്തിലേക്കു സ്വാഗതം ചെയ്യുകയും ആലിംഗനം ചെയ്യുകയും ചെയ്യുന്നു? ഏഷണി പറഞ്ഞുകൊണ്ട് വീടുകൾ തോറും നടക്കുന്ന സ്ത്രീകളെക്കുറിച്ചു വേദപുസ്തകം 1 തിമൊത്തി 5:13ൽ പറയുന്നു. നമ്മുടെ സഭകളിലും അങ്ങനെയുള്ള അനേകം സ്ത്രീകൾ ഉണ്ട്. അങ്ങനെയുള്ള സ്ത്രീകൾ ഓരോരുത്തരും സാത്താന്റെ ഏജന്റുമാർ ആണ് എന്നു പറയുന്നതിന് എനിക്ക് മടിയില്ല. നിങ്ങൾ അവരെ സാഗതം ചെയ്യുക മാത്രമല്ല, നിങ്ങൾ അവർക്ക് ഒരു കപ്പു ചായയും ബിസ്കറ്റും നൽകുകയും അവിടെ ഇരുന്ന് അവരിലൂടെ സാത്താൻ പറയാനാഗ്രഹിക്കുന്ന എല്ലാ കാര്യങ്ങളും ശ്രദ്ധിച്ചു കേൾക്കുകയും നിങ്ങൾ നിങ്ങളെ തന്നെ മലിനപ്പെടുത്തുകയും ചെയ്യുന്നു. അതിനുശേഷം അവൾ അവളുടെ കഥയുമായി അടുത്ത വീട്ടിലേക്കു പോകുന്നു. നിങ്ങളും നിങ്ങൾ കേട്ട കഥയുമായി വേറെ ഒരാളിന്റെ വീട്ടിലേക്കു പോകുന്നു. അങ്ങനെ സാത്താൻ ഓരോ ദിവസവും അവന്റെ ഏജന്റുമാരെ പെരുക്കുന്നു. സഭയിൽ സാത്താന്റ പ്രവൃത്തി അവനുവേണ്ടി ചെയ്യുന്നത് വിശ്വാസികളാണ്. സാത്താൻ വിളിക്കപ്പെടുന്നത് സഹോദരന്മാരെ കുറ്റം ചുമുത്തുന്ന അപവാദി എന്നാണ്. വെളി. 12:10. സഹോദരന്മാരെ കുറ്റം ചുമത്തുന്ന അപവാദിയെ തള്ളിയിട്ടു കളഞ്ഞു. നിങ്ങൾ ശ്രദ്ധിച്ചു കേട്ടു കൊണ്ടിരിക്കുന്ന അയാൾ, നിങ്ങളുടെ വീട്ടിലേക്കു വന്നിരിക്കുന്ന അവൻ അവൾ, സഹോദരന്മാരെ കുറ്റം ചുമുത്തുന്ന ഒരു അപാദിയാണ്. നിങ്ങൾ വിശ്വാസികളായ സഹോദരന്മാരെ കുറ്റം ചമുത്തുന്ന ഒരപവാദിയാണോ?

നിങ്ങൾ പറയുന്നത് ശരിയാണോ അതോ തെറ്റാണോ എന്നതല്ല വിഷയം. വെളിപ്പാട് 12:10ൽ വേദപുസ്തകം പറയുന്നത് ഭഭസാത്താൻ സഹോദരന്മാരെ രാപ്പകൽ ദൈവസന്നിധിയിൽ കുറ്റം ചുമുത്തുന്നു'' എന്നാണ്. ഇപ്പോൾ സാത്താൻ മനുഷ്യരായ നമ്മോട് അനേകം, അനേകം കള്ളങ്ങൾ പറഞ്ഞേക്കാം. അവൻ ഭോഷ്ക് പറയുന്ന ഒരുവനാണ്. എന്നാൽ ദൈവത്തിന്റടുത്തു ചെന്നു ദൈവത്തോട് ഒരു കള്ളം പറയാൻ അവൻ ധൈര്യപ്പെടില്ല. സാത്താൻ ദൈവത്തിന്റെ മുമ്പാകെ നിങ്ങളെ കുറ്റപ്പെടുത്തുമ്പോൾ നിങ്ങളെക്കുറിച്ച് അവൻ എന്തു കുറ്റം ആരോപിക്കുമെന്നാണ് നിങ്ങൾ കരുതുന്നത്? നിങ്ങൾ ഒരിക്കലും ചെയ്തിട്ടില്ലാത്ത കാര്യങ്ങളെക്കുറിച്ചു ചില കഥകൾ മെനഞ്ഞ് അതുമായി ദൈവത്തെ കബളിപ്പിക്കാൻ ശ്രമിക്കുമെന്ന് നിങ്ങൾ ചിന്തിക്കുന്നുണ്ടോ? സാത്താൻ അങ്ങനെയൊരു വിഡ്ഢിയല്ല. അവൻ നിങ്ങളെക്കുറിച്ചു ദൈവത്തോടു പറയുന്നത് നിങ്ങൾ വാസ്തവത്തിൽ ചെയ്തിട്ടുള്ള തെറ്റായ കാര്യങ്ങളായിരിക്കും. അവൻ നിങ്ങളുടെ ജീവിതത്തെ വളരെ ശ്രദ്ധയോടെ നിരീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. അനന്തരം നിങ്ങൾ തെറ്റായി എന്തെങ്കിലും ചെയ്തു കഴിയുമ്പോൾ, അവൻ ദൈവത്തിന്റെ അടുത്തു ചെന്ന് ഇങ്ങനെ പറയും. ഭഭനോക്ക് അതാണ് ഈ മനുഷ്യൻ ചെയ്തത്.'' അതു ഭോഷ്കല്ല, അതു നൂറു ശതമാനവും സത്യമാണ്. അതേ കാര്യം തന്നെ അവൻ വേറെ ഒരാളിനെക്കുറിച്ചും പറയുന്നു; ഭഭആ മനുഷ്യൻ അതാ അവിടെ ചെയ്തത് എന്താണെന്നു നോക്ക്'' അതും നൂറു ശതമാനവും സത്യമായതാണ്. അതുകൊണ്ട് നാം മനസ്സിലാക്കുന്നത് സാത്താൻ ദൈവത്തിന്റെ മുമ്പിൽ നടത്തുന്ന എല്ലാ കുറ്റാരോപണങ്ങളും നൂറു ശതമാനവും സത്യമായതാണ്. തൊണ്ണൂറു ശതമാനം അല്ല. എന്നാൽ ഒരു നൂറു ശതമാനം സത്യം.

അങ്ങനെ അതിൽ നിന്നും നാം പഠിക്കുന്ന മറ്റൊരു കാര്യം ആരെങ്കിലും കടന്നു വരികയും ഒരു കഥ പറയുകയും ചെയ്യുമ്പോൾ, അതിൽ അതിശയോക്തി ഒന്നുമില്ലെങ്കിലും നൂറു ശതമാനം സത്യമായതാണെങ്കിലും ആ വ്യക്തിക്ക് അപ്പോഴും സഹോദരന്മാരെ കുറ്റപ്പെടുത്തുന്ന ഒരുപവാദിയാകാൻ സാധിക്കും. അവൻ സഹോദരന്മാരുടെ ഏറ്റവും വലിയ അവപാദിയായ സാത്താനുമായി നൂറു ശതമാനം കൂട്ടായ്മയിലാണ്. തന്നെയുമല്ല ഇവിടെ പറയുന്നത് അവൻ ഇതു രാപ്പകൽ ചെയ്യുന്നു എന്നാണ്. അവൻ ഒരു പൂർണ്ണസമയ പ്രവർത്തകൻ ആണ്. മുഴുസമയവും സഹോദരന്മാരെ കുറ്റപ്പെടത്തികൊണ്ടിരിക്കുന്നു. അവനു ഭൂമിയിൽ ഏജന്റുമാരെ ആവശ്യമുണ്ട്. അവിശ്വാസികളുടെ ഇടയിൽ അവന്റെ മക്കളും അവന്റെ സേവകരുമായി വലിയ ഒരു കൂട്ടം ഏജന്റുമാർ അവനുണ്ട്. എന്നാൽ ദൈവമക്കളുടെ ഇടയിലും അവനു ധാരാളം ഏജന്റുമാർ ഉണ്ട്. ആർക്കെങ്കിലും എതിരെ അല്പം ക്യ്പുള്ള ആളുകൾ, ചിലരോടു ക്ഷമിച്ചിട്ടില്ലാത്ത ആളുകൾ, ആർക്കെങ്കിലും എതിരെ ഒരു പരാതിയുള്ളവർ. കൂടാതെ ആ വ്യക്തിയെക്കുറിച്ചു കഥകൾ പറഞ്ഞുകൊണ്ട് ചുറ്റി നടക്കുന്നവർ. അതുകൊണ്ടാണ് കൊലൊസ്യർ 3:13ൽ വേദപുസ്തകം ഇങ്ങനെ പറയുന്നത്. ഭഭഒരാൾക്കു മറ്റൊരാൾക്കെതിരെ പരാതി ഉണ്ടായാൽ ക്രിസ്തു നിങ്ങളോടു ക്ഷമിച്ചതുപോലെ നിങ്ങളും ക്ഷമിപ്പിൻ.'' ആരോടെങ്കിലും! ആരോടെങ്കിലും നിങ്ങൾക്ക് ഒരു പരാതിയുണ്ടോ? നിങ്ങളോട് ആരെങ്കിലും എന്തെങ്കിലും തെറ്റു ചെയ്തിട്ടുണ്ടോ? ക്ഷമിക്കുക. നിങ്ങൾ ക്ഷമിച്ചില്ലെങ്കിൽ നിങ്ങൾ സാത്താന്റെ ഒരു ഏജന്റായി തീരും. വളരെ വളരെ എളുപ്പമാണ്. ഭഭഇല്ല, ഇല്ല, ഇല്ല ഞാൻ ക്ഷമിച്ചിട്ടുണ്ട്'' എന്നു നിങ്ങൾ ചിന്തിച്ചേക്കാം. എന്നാൽ നിങ്ങൾ മറ്റൊരാളിന്റെയടുത്ത് പോകുകയും നിങ്ങളുടെ കഷ്ടത്തിന്റെ കഥ അവരോടു പറഞ്ഞു നിങ്ങളോടു സഹതാപം തോന്നാനിടയാക്കുകയും ചെയ്യുന്നു എന്ന വസ്തുത സൂചിപ്പിക്കുന്നത് ഉള്ളിന്റെ ഉള്ളിൽ നിങ്ങൾ ആ വ്യക്തിയോടു വാസ്തവത്തിൽ നിങ്ങൾ ക്ഷമിച്ചിട്ടേ ഇല്ല എന്നാണ്. അങ്ങനെ നിങ്ങൾ ആരെയാണ് നശിപ്പിക്കുന്നത്? അയാളെക്കുറിച്ചുള്ള കഥകൾ പ്രചരിപ്പിക്കുന്നതു വഴി നിങ്ങൾ ആ വ്യക്തിയുടെ സൽപേരിനെയാണ് നശിപ്പിക്കുന്നതെന്നു നിങ്ങൾ ചിന്തിച്ചേക്കാം. ആ വ്യക്തി ദൈവത്തെ സ്നേഹിക്കുന്നവനും പൂർണ്ണഹൃദയമുള്ളവനും ആണെങ്കിൽ, നിങ്ങൾ അയാളോടു ചെയ്യുന്ന തിന്മപോലും ദൈവം അവന്റെ നന്മയ്ക്കാക്കിത്തീർക്കുകയും അവനെ വിശുദ്ധീകരിക്കുകയും ചെയ്യും എന്ന് നിങ്ങൾക്കറിയാമോ? നശിപ്പിക്കപ്പെടുന്ന ഏകൻ നിങ്ങളായിരിക്കും. അതുകൊണ്ട് അത് ഒഴിവാക്കുക. പരാജയപ്പെട്ട തന്റെ കുഞ്ഞുങ്ങൾക്കും തന്റെ സഹോദരന്മാർക്കും, തന്റെ സോഹദരിമാർക്കും വേണ്ടി യേശു പ്രാർത്ഥിക്കുന്നു. സാത്താൻ അവരെ കുറ്റപ്പെടുത്തുന്നു. നിങ്ങൾക്ക് ഒരു തിരഞ്ഞെടുപ്പ് നടത്താൻ കഴിയും ഒന്നുകിൽ യേശുവുമായുള്ള കൂട്ടായ്മയിൽ അവർക്കുവേണ്ടി പ്രാർത്ഥിക്കുക. അല്ലെങ്കിൽ സാത്താനുമായുള്ള കൂട്ടായ്മയിൽ അവരെ കുറ്റപ്പെടുത്തുക. ഇന്നു മുതലെങ്കിലും നമ്മൾ ശരിയായ തിരഞ്ഞെടുപ്പു നടത്തും എന്നു ഞാൻ പ്രതീക്ഷിക്കുന്നു.